ടി.കെ ഉബൈദ്



സൂറ - 48

# അൽ ഫത്ഹ്

# ٱلْفَتْح

### സൂക്തം 04-07

സത്യനിഷേധികളെയും ബഹുദൈവ വിശ്വാസികളെയും തോൽപിക്കാൻ അല്ലാഹുവിനു ബുദ്ധിമുട്ടൊന്നുമില്ല. പ്രപഞ്ചത്തിലുള്ള സകലമാന ശക്തികളും അവന്റെ സൈന്യമാണ്. മലക്ക്, ജിന്ന്, മനുഷ്യൻ, ചെകുത്താൻ തുടങ്ങിയവക്കു പുറമെ അഗ്നി, താപം, തണുപ്പ്, വായു, വെള്ളം, മല, നദി, സമുദ്രം എല്ലാം അവൻ സൃഷ്ടിച്ചുവെച്ചതും അവന്റെ ആജ്ഞാനുസാരം പ്രവർത്തിക്കുന്നതുമാണ്.

هُوَ ٱلَّذِىٓ أَنزَلَ ٱلسَّكِينَةَ فِى قُلُوبِ ٱلْمُؤْمِنِينَ لِيَزْدَادُوٓا۟ إِيمَـٰنًا مَّعَ إِيمَـٰنِهِمْ ۗ وَلِلَّهِ جُنُودُ ٱلسَّمَـٰوَٰتِ
وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿٤﴾ لِّيُدْخِلَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ
خَـٰلِدِينَ فِيهَا وَيُكَفِّرَ عَنْهُمْ سَيِّـَٔاتِهِمْ ۚ وَكَانَ ذَٰلِكَ عِندَ ٱللَّهِ فَوْزًا عَظِيمًا ﴿٥﴾ وَيُعَذِّبَ
ٱلْمُنَـٰفِقِينَ وَٱلْمُنَـٰفِقَـٰتِ وَٱلْمُشْرِكِينَ وَٱلْمُشْرِكَـٰتِ ٱلظَّآنِّينَ بِٱللَّهِ ظَنَّ ٱلسَّوْءِ ۚ عَلَيْهِمْ دَآئِرَةُ
ٱلسَّوْءِ ۖ وَغَضِبَ ٱللَّهُ عَلَيْهِمْ وَلَعَنَهُمْ وَأَعَدَّ لَهُمْ جَهَنَّمَ ۖ وَسَآءَتْ مَصِيرًا ﴿٦﴾ وَلِلَّهِ جُنُودُ
ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿٧﴾

*4*

*സത്യവിശ്വാസികളുടെ മനസ്സുകളിൽ ശാന്തിചൊരിഞ്ഞത് അവൻ തന്നെയാകുന്നു; അവർക്കു നേരത്തെയുള്ള ഈമാൻ മേൽക്കുമേൽ വളർത്താൻ. ആകാശ ഭൂമികളിലുള്ള സൈന്യമൊക്കെയും അല്ലാഹുവിന്റേതാകുന്നു. അല്ലാഹു സർവജ്ഞനും തികഞ്ഞ തത്ത്വദീക്ഷയുള്ളവനുമാകുന്നു.*

*5*

*സത്യവിശ്വാസികളെയും വിശ്വാസിനികളെയും താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന സ്വർഗീയാരാമങ്ങളിൽ പ്രവേശിപ്പിക്കാനും. അവരതിൽ നിത്യവാസികളായിരിക്കും. അവരുടെ കുറ്റങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കാനും. അതത്രെ അല്ലാഹുവിങ്കൽ നേടുന്ന മഹത്തായ വിജയം.*

*6*
*മറുവശത്ത്, അല്ലാഹുവിനെക്കുറിച്ച് ദുർവിചാരം പുലർത്തുന്ന കപടവിശ്വാസികളായ സ്ത്രീ-പുരുഷന്മാരെയും വിഗ്രഹാരാധകരായ സ്ത്രീ-പുരുഷന്മാരെയും അവൻ ശിക്ഷിക്കുന്നതിനും നിമിത്തമാകുന്നു. ആപത്തുകൾ വലയം ചെയ്തിരിക്കുന്നത് അവരെത്തന്നെയാകുന്നു. അല്ലാഹു അവരോട് കോപിക്കുകയും ശപിക്കുകയും അവർക്കായി കത്തിയെരിയുന്ന നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. അത് അത്യന്തം ദുഷിച്ച പരിണതി തന്നെ.*
*7*
*ആകാശ ഭൂമികളിലെ സൈന്യങ്ങളൊക്കെയും അല്ലാഹുവിന്റേതാകുന്നു. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ.*

**മഹാവിജയത്തിനും ദൈവസഹായത്തിനും കളമൊരുക്കിയത് അല്ലാഹുവാണ്. അവൻ വിശ്വാസികളുടെ ഹൃദയങ്ങളിൽ സവിശേഷമായ 'സക്കീനത്ത്' ഇറക്കി. അടക്കവും ഒതുക്കവും സമാധാനവും സ്ഥൈര്യവും ശാന്തിയുമൊക്കെയാണ് സക്കീനത്ത്. ഇവിടെ മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളത് സ്ഥൈര്യവും ശാന്തിയും അച്ചടക്കവുമാണ്.**

| | |
|---|---|
| സമാധാനം ഇറക്കിയത് (ശാന്തി ചൊരിഞ്ഞത്) അവൻ തന്നെയാകുന്നു | هُوَ الَّذِي أَنزَلَ السَّكِينَةَ |
| സത്യവിശ്വാസികളുടെ മനസ്സുകളിൽ | فِي قُلُوبِ الْمُؤْمِنِينَ |
| അവരുടെ ഈമാനിനോടൊപ്പം ഈമാൻ വർധിപ്പിക്കാൻ (നേരത്തെയുള്ള ഈമാൻ മേൽക്കുമേൽ വളർത്താൻ) | لِيَزْدَادُوا إِيمَانًا مَّعَ إِيمَانِهِمْ |
| ആകാശ ഭൂമികളിലുള്ള സൈന്യം(ഒക്കെയും) അല്ലാഹുവിന്റേതാകുന്നു | وَلِلَّهِ جُنُودُ السَّمَاوَاتِ وَالْأَرْضِ |
| അല്ലാഹു സർവജ്ഞനും(തികഞ്ഞ) തത്ത്വദീക്ഷയുള്ളവനുമാ(കുന്നു)യിരിക്കുന്നു | وَكَانَ اللَّهُ عَلِيمًا حَكِيمًا |
| സത്യവിശ്വാസികളെയും വിശ്വാസിനികളെയും പ്രവേശിപ്പിക്കാൻ | لِّيُدْخِلَ الْمُؤْمِنِينَ وَالْمُؤْمِنَاتِ |
| (സ്വർഗീയ) ആരാമങ്ങളിൽ | جَنَّاتٍ |
| ഒഴുകുന്ന | تَجْرِي |
| അവയുടെ താഴ്ഭാഗങ്ങളിലൂടെ | مِن تَحْتِهَا |
| ആറുകൾ | الْأَنْهَارُ |
| (അവർ അതിൽ നിത്യവാസികളാ(യിരിക്കും)യ നിലയിൽ | خَالِدِينَ فِيهَا |
| അവർക്ക് അവൻ (അല്ലാഹു) പൊറുത്തുകൊടുക്കാനും | وَيُكَفِّرَ عَنْهُمْ |
| അവരുടെ തിന്മകൾ, കുറ്റങ്ങൾ | سَيِّئَاتِهِمْ |
| അതത്രെ | وَكَانَ ذَٰلِكَ |
| അല്ലാഹുവിങ്കൽ | عِندَ اللَّهِ |
| മഹത്തായ വിജയം | فَوْزًا عَظِيمًا |
| (മറുവശത്ത്) അവൻ ശിക്ഷിക്കുന്നതിനും (നിമിത്തമാകുന്നു) | وَيُعَذِّبَ |
| കപടവിശ്വാസികളെയും കപടവിശ്വാസിനികളെയും | الْمُنَافِقِينَ وَالْمُنَافِقَاتِ |
| വിഗ്രഹാരാധകരെയും വിഗ്രഹാരാധകരായ സ്ത്രീകളെയും | وَالْمُشْرِكِينَ وَالْمُشْرِكَاتِ |

| | |
|---|---|
| ഭാവിക്കുന്നവരായ, വിചാരിക്കുന്നവരായ | الظَّانِّينَ |
| അല്ലാഹുവിനെ കുറിച്ച് | بِاللَّهِ |
| ദുർവിചാരം (പുലർത്തുന്ന) | ظَنَّ السَّوْءِ |
| അവരുടെ മേലാകുന്നു ആപത്തിന്റെ വൃത്തം (ആപത്തുകൾ വലയം ചെയ്തിരിക്കുന്നത് അവരെ തന്നെയാകുന്നു) | عَلَيْهِمْ دَائِرَةُ السَّوْءِ |
| അല്ലാഹു അവരോട് കോപിച്ചിരിക്കുന്നു (പിക്കുകയും) | وَغَضِبَ اللَّهُ عَلَيْهِمْ |
| അവൻ അവരെ ശപിക്കുകയും | وَلَعَنَهُمْ |
| അവർക്കായി കത്തിയെരിയുന്ന നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു | وَأَعَدَّ لَهُمْ جَهَنَّمَ |
| ദുഷിച്ചു (അത് അത്യന്തം ദുഷിച്ച) | وَسَاءَتْ |
| ആയിത്തീരലാൽ (പരിണതി തന്നെ) | مَصِيرًا |
| ആകാശ ഭൂമികളിലുള്ള സൈന്യങ്ങൾ (ഒക്കെയും) അല്ലാഹുവിന്റേതാകുന്നു | وَلِلَّهِ جُنُودُ السَّمَاوَاتِ وَالْأَرْضِ |
| അല്ലാഹു അജയ്യ പ്രതാപിയും അഭിജ്ഞനുമല്ലോ | وَكَانَ اللَّهُ عَزِيزًا حَكِيمًا |

**സ്ഥിരചിത്തതയും അച്ചടക്കവും മുസ് ലിംകളുടെ വിശ്വാസം വർധിക്കാനും നിമിത്തമായിരിക്കുന്നു. നേരത്തെ തന്നെ സത്യവിശ്വാസികളായതുകൊണ്ടാണല്ലോ അവർ പ്രവാചകനോടൊപ്പം തിരിച്ചത്. അനന്തരം ഹുദൈബിയയിൽ വെച്ച് ഭീകരമായ പരീക്ഷണത്തിലകപ്പെട്ടപ്പോൾ അവരുടെ ഈമാൻ കൂടുതൽ ഉജ്ജ്വലവും ദൃഢവുമായിത്തീർന്നു.**

മുൻചൊന്ന മഹാവിജയത്തിനും ദൈവസഹായത്തിനും കളമൊരുക്കിയതും അല്ലാഹുവാണ്. അവൻ വിശ്വാസികളുടെ ഹൃദയങ്ങളിൽ സവിശേഷമായ 'സക്കീനത്ത്' ഇറക്കി. അടക്കവും ഒതുക്കവും സമാധാനവും സ്ഥൈര്യവും ശാന്തിയുമൊക്കെയാണ് സക്കീനത്ത്. ഇവിടെ മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളത് സ്ഥൈര്യവും ശാന്തിയും അച്ചടക്കവുമാണ്. ഹുദൈബിയാ യാത്രയിൽ ഇതൊന്നും പ്രതീക്ഷിക്കാവുന്നതായിരുന്നില്ല. മുസ് ലിംകളെ ഹറമിൽ കടക്കാൻ ഒരിക്കലും അനുവദിക്കില്ലെന്ന് പ്രതിജ്ഞയെടുത്ത ഖുറൈശികളുടെ നാട്ടിലേക്കാണ് യുദ്ധ സജ്ജീകരണങ്ങളോ ആയുധങ്ങളോ ഇല്ലാതെ ഉംറക്കു ഇഹ്റാം ചെയ്തു പോകേണ്ടത്. ഖുറൈശികൾ തടയുമെന്നുറപ്പ്. അപ്പോൾ ഒന്നുകിൽ നാണം കെട്ട് തിരിച്ചുപോരേണ്ടിവരും. അല്ലെങ്കിൽ അവരുമായി സംഘട്ടനത്തിലേർപ്പെട്ട് മരിച്ചു വീഴുകയേ ഗതിയുള്ളൂ. മുനാഫിഖുകളും ദുർബല വിശ്വാസികളായ അഅ്റാബികളും ഈ ആപത് സാധ്യതക്ക് വമ്പിച്ച പ്രചാരണം നൽകിക്കൊണ്ട് മറ്റുള്ളവരെ പിന്തിരിപ്പിക്കാൻ ആവതു ശ്രമിക്കുകയും ചെയ്തു. പ്രവാചകന്റെ കൂടെ ഉംറ തീർഥാടനം ചെയ്യാൻ തീരുമാനിച്ചവരെ അതൊന്നും ഒട്ടും സ്വാധീനിച്ചില്ല. ആയിരത്തഞ്ഞൂറു പേരേ അങ്ങനെയുള്ളവർ ഉണ്ടായിരുന്നുള്ളൂവെങ്കിലും അവർ ശാന്തചിത്തരായി പ്രവാചകനോടൊപ്പം പോകാൻ തയാറായി. യാത്രാസംഘം പകുതിയോളം ദൂരം പിന്നിട്ടപ്പോൾ, മക്കാ മുശ്രിക്കുകൾ അവരെ തടയാൻ വമ്പിച്ച സൈനിക സന്നാഹങ്ങളൊരുക്കി കാത്തിരിക്കുന്ന വിവരം കിട്ടി. എന്നിട്ടും ആരും കുലുങ്ങിയില്ല. സംഘം ഹുദൈബിയയിലെത്തിയപ്പോൾ പ്രവാചകൻ സമാധാന ദൂതുമായി ഉസ്മാനെ(റ) മക്കയിലേക്കയച്ചു. ഖുറൈശികൾ സമാധാന സന്ദേശം സ്വീകരിച്ചില്ലെന്നു മാത്രമല്ല, ദൂതനെ തടഞ്ഞുവെക്കുകയും ചെയ്തു. ഉസ്മാൻ കൊല്ലപ്പെട്ടു എന്ന കിംവദന്തിയും പരന്നു. ഇനി ഖുറൈശികളുമായി ഏറ്റുമുട്ടുകയല്ലാതെ ഗത്യന്തരമില്ല എന്ന അവസ്ഥയിലായി മുസ് ലിംകൾ. എങ്കിലും അവർ എടുത്തുചാടാതെ പ്രവാചക കൽപനക്കായി കാത്തിരുന്നു. ഉസ്മാൻ വധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഖുറൈശികളെ തിരിച്ചടിക്കാനും മരണം വരെ നീതിക്കുവേണ്ടി പോരാടാനും മുസ് ലിംകൾ പ്രവാചകനോട് പ്രതിജ്ഞ ചെയ്തു. ആരും അൽപവും ഭയപ്പെടുകയോ പതറുകയോ ചെയ്തില്ല.

ഇതിനിടെ ഖുറൈശികൾ ഭീഷണി സന്ദേശങ്ങളുമായി പലരെയും അയച്ചിരുന്നു. മുസ്

ലിംകൾ നിസ്സങ്കോചം അതൊക്കെ തള്ളിക്കളഞ്ഞു. മുസ് ലിംകളെ യുദ്ധത്തിലേക്കെടുത്തുചാടിക്കാൻ പലവക പ്രകോപനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. മുസ് ലിം ക്യാമ്പുകളിലേക്ക് കല്ലെറിഞ്ഞവരെയും ക്യാമ്പുകളിൽ അക്രമം ചെയ്യാൻ തുനിഞ്ഞവരെയും മുസ് ലിംകൾ പിടികൂടിയെങ്കിലും ആരെയു ശിക്ഷിച്ചില്ല. മുസ് ലിംകൾ പ്രകോപിതരായി വല്ലതും ചെയ്തിരുന്നുവെങ്കിൽ ഖുറൈശികൾ വൻ പടയായി വന്ന് അവരെ കൊന്നൊടുക്കുന്നതിന് ന്യായം ലഭിക്കുമായിരുന്നു. വിശുദ്ധ മാസത്തിൽ മുഹമ്മദും സംഘവും വന്ന് തങ്ങളെ ആക്രമിച്ചപ്പോൾ തങ്ങൾ തിരിച്ചടിക്കാൻ നിർബന്ധിതരായതാണെന്ന് മറ്റു ഗോത്രങ്ങളോടു പറയുകയും ചെയ്യാം. ഈ അടവുകളെല്ലാം പരാജയപ്പെട്ടപ്പോൾ മുസ് ലിംകളുമായി ഒത്തുതീർപ്പുണ്ടാക്കാൻ ഖുറൈശികൾ നിർബന്ധിതരായി. ആ സന്ധി പ്രക്രിയ ഏതു നിമിഷത്തിലും പൊട്ടിത്തെറിക്കാവുന്നവിധം വിഷമം പിടിച്ചതായിരുന്നു. കരാറിന്റെ തുടക്കത്തിൽ 'ബിസ്മി' യെഴുതാനോ പ്രവാചകനെ റസൂലുല്ലാഹി എന്ന് വിശേഷിപ്പിക്കാനോ ഖുറൈശികൾ സമ്മതിച്ചില്ല. കരാറിലെ രണ്ടും നാലും വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ മുസ് ലിംകൾക്ക് വലിയ പരാജയവും നാണക്കേടുമായി തോന്നിയിരുന്നു. കഠിനമായ മാനഹാനിയും പരാജയബോധവും കടിച്ചിറക്കിക്കൊണ്ടാണെങ്കിലും ആരും പൊട്ടിത്തെറിച്ചില്ല. കരാറിനെ തള്ളിപ്പറഞ്ഞുമില്ല. ആദ്യം ഒന്നു മടിച്ചെങ്കിലും പ്രവാചകൻ ബലിയും ശിരോമുണ്ഡനവും നടത്തി ഇഹ്റാമിൽനിന്ന് വിരമിച്ചപ്പോൾ എല്ലാവരും അതനുസരിച്ചു. ഇതും പ്രശംസനീയമായ അച്ചടക്കമായിരുന്നു. ഹുദൈബിയയിൽ ഏതെങ്കിലും ഘട്ടത്തിൽ മുസ് ലിംകൾ പ്രകോപിതരായി അച്ചടക്ക രാഹിത്യവും ചാഞ്ചാട്ടവും കാണിച്ചിരുന്നുവെങ്കിൽ എല്ലാം അട്ടിമറിയുകയും ദയനീയമായ പരാജയം ഏറ്റുവാങ്ങുകയും ചെയ്യേണ്ടി വരുമായിരുന്നു.

**ഹുദൈബിയയിൽ ഏതെങ്കിലും ഘട്ടത്തിൽ മുസ് ലിംകൾ പ്രകോപിതരായി അച്ചടക്ക രാഹിത്യവും ചാഞ്ചാട്ടവും കാണിച്ചിരുന്നുവെങ്കിൽ എല്ലാം അട്ടിമറിയുകയും ദയനീയമായ പരാജയം ഏറ്റുവാങ്ങുകയും ചെയ്യേണ്ടി വരുമായിരുന്നു.**

ഈ സ്ഥിരചിത്തതയും അച്ചടക്കവും മുസ് ലിംകളുടെ വിശ്വാസം വർധിക്കാനും നിമിത്തമായിരിക്കുന്നു. നേരത്തെ തന്നെ സത്യവിശ്വാസികളായതുകൊണ്ടാണല്ലോ അവർ പ്രവാചകനോടൊപ്പം തിരിച്ചത്. അനന്തരം ഹുദൈബിയയിൽ വെച്ച് ഭീകരമായ പരീക്ഷണത്തിലകപ്പെട്ടപ്പോൾ അവരുടെ ഈമാൻ കൂടുതൽ ഉജ്ജ്വലവും ദൃഢവുമായിത്തീർന്നു. വിശ്വാസം-ഈമാൻ- ഏറുകയും കുറയുകയും ചെയ്യുമോ എന്നൊരു ചർച്ച ദൈവശാസ്ത്രകാരന്മാർക്കിടയിൽ പണ്ടുണ്ടായിരുന്നു. ഏറ്റക്കുറവുകൾക്ക് വിധേയമാകുന്നതല്ല വിശ്വാസം എന്നൊരു കൂട്ടർ. ഭൂരിപക്ഷം പണ്ഡിതന്മാർ അതിനെ ഖണ്ഡിക്കാറുള്ളത് ഇതുപോലുള്ള ഖുർആൻ വചനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. ഈമാൻ വർധിക്കുകയെന്നാൽ അല്ലാഹുവിലുള്ള വിശ്വാസത്തിനുശേഷം ശരീഅത്തിൽ കൂടി വിശ്വസിക്കുകയാണെന്നും ഒരു വ്യാഖ്യാനമുണ്ട്.

സത്യനിഷേധികളെയും ബഹുദൈവ വിശ്വാസികളെയും തോൽപിക്കാൻ അല്ലാഹുവിനു ബുദ്ധിമുട്ടൊന്നുമില്ല. പ്രപഞ്ചത്തിലുള്ള സകലമാന ശക്തികളും അവന്റെ സൈന്യമാണ്. മലക്ക്, ജിന്ന്, മനുഷ്യൻ, ചെകുത്താൻ തുടങ്ങിയവക്കു പുറമെ അഗ്നി, താപം, തണുപ്പ്, വായു, വെള്ളം, മല, നദി, സമുദ്രം എല്ലാം അവൻ സൃഷ്ടിച്ചുവെച്ചതും അവന്റെ ആജ്ഞാനുസാരം പ്രവർത്തിക്കുന്നതുമാണ്. കൊടുങ്കാറ്റ്, പ്രളയം, ഭൂകമ്പം, അഗ്നിപർവത സ്ഫോടനം, വൈദ്യുത സ്ഫോടനം എന്നിങ്ങനെ പലവിധത്തിൽ ആ ശക്തികൾ പ്രവർത്തിക്കും. താൻ തോൽപിക്കണമെന്നോ നശിപ്പിക്കണമെന്നോ ഉദ്ദേശിച്ചിട്ടുള്ളവരുടെ മേൽ ഇഷ്ടമുള്ള രീതിയിൽ ഈ പ്രതിഭാസങ്ങളെ നശീകരണായുധമായി പ്രയോഗിക്കാവുന്നതേയുള്ളൂ. പക്ഷേ, തന്റെ തത്ത്വങ്ങൾ സ്വീകരിപ്പിക്കാനും ധർമങ്ങൾ നടപ്പാക്കാനും അവൻ സ്വീകരിച്ചിട്ടുള്ള വഴി സത്യവിശ്വാസവും വിശ്വാസികളുടെ സേവനവും സമരവുമാകുന്നു. അതിൽ വിശിഷ്ടമായ മൂല്യങ്ങളും ഉന്നതമായ താൽപര്യങ്ങളുമുണ്ട്. മനുഷ്യന്റെ ദൈവവിശ്വാസത്തെയും ധർമബോധത്തെയും പ്രയാസങ്ങളിലൂടെ, പ്രതിസന്ധികളിലൂടെ പരീക്ഷിച്ചുറപ്പിക്കുക എന്നത് അതിലൊന്നാണ്. അതല്ലാതെയും ഏറെ നന്മകൾ അതിലുണ്ട്. ആ തത്ത്വങ്ങളും നന്മകളും പൂർണമായി സൃഷ്ടികൾ അറിയുന്നില്ല. അല്ലാഹുവാകുന്നു എല്ലാം അറിയുന്ന ജ്ഞാനിയും ദാർശനികനും.

ഹുദൈബിയയിൽ പ്രകടിപ്പിച്ച ആത്മത്യാഗ സന്നദ്ധതയും ആദർശവീര്യവും അച്ചടക്കവും അല്ലാഹു ആ സത്യവിശ്വാസികളെ പാപമുക്തരാക്കാനും നിത്യസ്വർഗത്തിൽ പ്രവേശനമരു

ളാനും കൂടി നിമിത്തമായി. അതാണ് എന്നും അല്ലാഹുവിങ്കൽ മനുഷ്യന് നേടാവുന്ന ഏറ്റം വലിയ വിജയം. ഖുർആന്റെ സാധാരണ ശൈലിയനുസരിച്ച് സത്യവിശ്വാസികളെ സ്വർഗത്തിൽ പ്രവേശിപ്പിക്കാൻ -**ليدخل المؤمنين**- **جنّات**- എന്നു പറഞ്ഞാൽ അതിൽ വിശ്വാസിനികളും ഉൾപ്പെടും. ചില സന്ദർഭങ്ങളിൽ വിശ്വാസിനികളെ എടുത്തുപറയുന്നത് അവിടെ ചർച്ച ചെയ്യുന്ന വിഷയത്തിൽ വനിതകളുടെ പങ്കാളിത്തം പ്രത്യേകം സൂചിപ്പിക്കാനാണ്. പ്രവാചകനും സംഘവും മദീനയിലേക്കു പുറപ്പെടാൻ തീരുമാനിച്ചപ്പോൾ, അവരിനി ജീവനോടെ തിരിച്ചുവരില്ല എന്ന പ്രചാരണം അവരുടെ സ്ത്രീകൾ കേൾക്കുന്നുണ്ടായിരുന്നു. തങ്ങൾ വിധവകളും തങ്ങളുടെ കുട്ടികൾ അനാഥരുമാകാൻ പോവുകയാണെന്ന് ആശങ്കിക്കുക സ്വാഭാവികമായിരുന്നു. പക്ഷേ, അവർ ഭർത്താക്കന്മാരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചില്ല. കരഞ്ഞു പിഴിഞ്ഞ് യാത്രയാക്കിയതുമില്ല. അത്തരം അപകടം പിടിച്ച യാത്രയിൽ പ്രവാചകന്റെ സഹയാത്രികരാകാൻ തയാറായ പുരുഷന്മാരുടെ ധീരതയിലും സേവന സന്നദ്ധതയിലും അഭിമാനംകൊണ്ട ആ വനിതകൾ ഭർത്താക്കന്മാരെ സന്തോഷപൂർവം യാത്രയാക്കുകയായിരുന്നു. ഹുദൈബിയയിൽ ബലിയും ശിരോമുണ്ഡനവും ചെയ്ത് ഇഹ്റാമിൽനിന്നു വിരമിക്കാൻ പ്രവാചകൻ ആവശ്യപ്പെട്ടപ്പോൾ അവിടെ നടന്ന സന്ധി മഹാ പരാജയമായി കരുതി സഹാബത്ത് ആദ്യം നിഷ്ക്രിയരാവുകയായിരുന്നു. ശിഷ്യന്മാരുടെ നിലപാടിൽ പ്രവാചകൻ ഏറെ ഖിന്നനായപ്പോൾ സ്വയം കർമങ്ങൾ ചെയ്ത് ഇഹ്റാമിൽനിന്ന് മുക്തനാവാൻ അദ്ദേഹത്തോട് നിർദേശിച്ചത് പത്നി ഉമ്മു സലമ (റ) ആയിരുന്നു. അപ്രകാരം ചെയ്ത പ്രവാചകനെ സഹാബത്ത് ഒന്നടങ്കം അനുകരിക്കുകയും ചെയ്തു. ഉമ്മു സലമ (റ) അപ്രകാരം നിർദേശിക്കുകയും പ്രവാചകൻ അതനുസരിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ സഹാബത്ത് അവരുടെ നിലപാട് തുടരുകയും സ്ഥിതി വഷളാവുകയും ചെയ്യുമായിരുന്നു.

കാപട്യവും വിഗ്രഹാരാധനയും സ്വയം തന്നെ ശിക്ഷാർഹമായ കുറ്റമാണ്. ഹുദൈബിയാ സംഭവത്തിൽ കപടവിശ്വാസികൾ സ്വീകരിച്ച പ്രതിലോമപരമായ നിലപാടും ദുഷ്പ്രചാരണവും യഥാർഥ വിശ്വാസികളുടെ അതുല്യമായ അച്ചടക്കത്തിന്റെയും സ്ഥിരചിത്തതയുടെയും മുന്നിൽ അവരെ പിന്നെയും സവിശേഷം ശിക്ഷാർഹരാക്കിയിരിക്കുന്നു. ഭാവനയും തോന്നലും വിചാരവുമൊക്കെ **ظن** ആകുന്നു. അതിൽനിന്നുള്ള കർതൃ ബഹുവചനമാണ് **ظانون**. അല്ലാഹുവിനെക്കുറിച്ച് ദുർവിചാരങ്ങൾ പുലർത്തുന്നവരാണ് **الظَّانِّينَ بِاللَّهِ ظَنَّ السَّوْءِ**. അസ്സൗഇന് അസ്സൂഅ് എന്നും പാഠമുണ്ട്. രണ്ടിന്റെയും അർഥം ഒന്നുതന്നെയാണ്. മക്കയിലേക്ക് പോകുന്ന പ്രവാചകനും സംഘവും ഭയങ്കരമായ ആപത്തിൽ അകപ്പെടും. ഖുറൈശികൾ അവരെ കൊത്തിയരിയും. അവരിൽ ഏറിയ കൂറും ജീവനോടെ മദീനയിൽ തിരിച്ചെത്തുകയില്ല. തങ്ങൾക്ക് അല്ലാഹുവിന്റെ തുണയുണ്ടാകും എന്നത് ഈ വിഡ്ഢികളുടെ വ്യാമോഹം മാത്രമാകുന്നു. അല്ലാഹുവിൽനിന്ന് അവർക്കൊരു സഹായവും ലഭിക്കാൻ പോകുന്നില്ല. ഞങ്ങൾ ഈ വിഡ്ഢികളുടെ കൂട്ടത്തിൽ ചേരുന്നില്ല. സാമാന്യ ബുദ്ധിയുള്ളവരാരും ഈ സന്ദർഭത്തിൽ മക്കയിലേക്ക് തിരിക്കാതിരിക്കുകയാണ് വേണ്ടത്. ഈ വിധം അല്ലാഹു അവന്റെ ദീനിന്റെ സേവകരെ സഹായിക്കില്ല എന്ന് കരുതുന്നത് അല്ലാഹുവിന്റെ കഴിവിനെയും നീതിയെയും നിന്ദിക്കുന്ന ദുർവിചാരമാണ്.

എന്നാൽ, അവർ മുസ് ലിംകൾക്കുണ്ടാകണമെന്നാഗ്രഹിക്കുന്ന ആപത്തുകൾ വലയം ചെയ്യാൻ പോകുന്നത് അവരെത്തന്നെയാണ്. **دَائِرَةُ** ന്റെ ഭാഷാർഥം വൃത്തവും വൃത്തപരിധിയുമാകുന്നു. അപകടം എന്ന് പ്രയോഗാർഥമുണ്ട്. ബഹുവചനം **دوائر**. ആപത്തുകളുടെ വലയമാണ് **دَائِرَةُ السَّوْءِ**. ആപത് വലയത്തിനു പുറമെ അല്ലാഹു അവരോട് കോപിച്ചിരിക്കുന്നു. അവരെ ശപിച്ചിരിക്കുന്നു. ഏറ്റം ദുർഭഗസങ്കേതമായ, കത്തിയെരിയുന്ന നരകം അവർക്കുവേണ്ടി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

**وَكَانَ اللَّهُ عَزِيزًا حَكِيمًا** എന്ന വചനം 4-ാം സൂക്തത്തിന്റെ ആവർത്തനമാണ്. അവിടെ **عَلِيمًا حَكِيمًا** എന്നുവന്നത് ഇവിടെ **عَزِيزًا حَكِيمًا** എന്നായിരിക്കുന്നുവെന്ന വ്യത്യാസമേയുള്ളൂ.

ഹൃദയങ്ങളിൽ സ്ഥൈര്യവും സമാധാനവും ചൊരിഞ്ഞ് ഈമാനിനെ പോഷിപ്പിച്ചുകൊണ്ട് വിശ്വാസികൾക്ക് മഹത്തായ വിജയത്തിനവസരമൊരുക്കുന്ന സൈന്യത്തെ- ശക്തികളെ സൂചിപ്പിച്ചാണ് ആദ്യം പറയുന്നത്. രണ്ടാമതു പറയുന്നത് കപടന്മാരെയും വിഗ്രഹാരാ

**കാപട്യവും വിഗ്രഹാരാധനയും സ്വയം തന്നെ ശിക്ഷാർഹമായ കുറ്റമാണ്. ഹുദൈബിയാ സംഭവത്തിൽ കപടവിശ്വാസികൾ സ്വീകരിച്ച പ്രതിലോമപരമായ നിലപാടും ദുഷ്പ്രചാരണവും യഥാർഥ വിശ്വാസികളുടെ അതുല്യമായ അച്ചടക്കത്തിന്റെയും സ്ഥിരചിത്തതയുടെയും മുന്നിൽ അവരെ പിന്നെയും സവിശേഷം ശിക്ഷാർഹരാക്കിയിരിക്കുന്നു.**

ധകരെയും ആപത്തുകൊണ്ട് വളയുകയും അവർക്കുമേൽ അല്ലാഹുവിന്റെ ശാപകോപങ്ങളെത്തിക്കുകയും നരകമൊരുക്കുകയും ചെയ്യുന്ന സൈന്യത്തെയാണ്. അതുകൊണ്ട് അവിടെ അല്ലാഹുവിന്റെ ശൗര്യത്തെയും ഉഗ്രപ്രതാപത്തെയും കുറിക്കുന്ന عزيز എന്ന വിശേഷണം ഉപയോഗിച്ചിരിക്കുന്നു.

സൂറയുടെ ഈ പ്രാരംഭ സൂക്തങ്ങൾ മുന്നോട്ടു വെക്കുന്ന അതിപ്രധാനമായ ആശയം, സമാധാന സ്ഥാപനമാകുന്നു ഏറ്റം മഹത്തായ വിജയം എന്നതാണ്. സമാധാനത്തിനുവേണ്ടി ചെയ്യുന്ന വിട്ടുവീഴ്ചകൾ സ്വന്തം കക്ഷികളുടെ താൽപര്യത്തിന് ഹാനികരവും അപമാനകരവുമായി തോന്നിയാലും അതുവഴി സ്ഥാപിതമാകുന്ന സമാധാനം ആ കോട്ടങ്ങളെക്കാൾ വളരെ വിപുലവും മഹത്തരവുമായ നേട്ടങ്ങളായിരിക്കും. ഹുദൈബിയാ സന്ധിയുടെ അനുബന്ധ ചരിത്രം അതു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. സംഘട്ടനമൊഴിവാക്കാൻ പരമാവധി വിട്ടുവീഴ്ച ചെയ്യാൻ സന്മനസ്സുള്ളവർക്ക് അല്ലാഹു സ്ഥിരചിത്തതയും സമാധാനവും അരുളുന്നു. ആറുകളൊഴുകുന്ന സ്വർഗീയാരാമങ്ങൾ അവർക്കുള്ളതാകുന്നു. അല്ലാഹുവിനെ കുറിച്ച് ദുർവിചാരങ്ങൾ പുലർത്തുന്നവരെ ഇഹത്തിലും പരത്തിലും ആപത്തുകൾ വലയം ചെയ്തിരിക്കുന്നു. അവർ അവന്റെ ശാപകോപങ്ങൾക്കും നരകശിക്ഷക്കും ഇരകളാകുന്നു. ●

**സമാധാനത്തിനുവേണ്ടി ചെയ്യുന്ന വിട്ടുവീഴ്ചകൾ സ്വന്തം കക്ഷികളുടെ താൽപര്യത്തിന് ഹാനികരവും അപമാനകരവുമായി തോന്നിയാലും അതുവഴി സ്ഥാപിതമാകുന്ന സമാധാനം ആ കോട്ടങ്ങളെക്കാൾ വളരെ വിപുലവും മഹത്തരവുമായ നേട്ടങ്ങളായിരിക്കും. ഹുദൈബിയാ സന്ധിയുടെ അനുബന്ധ ചരിത്രം അതു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.**